# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **2123** — 17.02.2016- ലെ മറുപടിക്ക്

## സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. എം. ഹംസ | മറുപടി<br>ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാം;<br><br>ബി) നടപ്പിലാക്കിയ പദ്ധതികളിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് സംസ്ഥാ നത്തിനുണ്ടായതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികളും അതുകൊണ്ട് സംസ്ഥാനത്തിനുണ്ടായ പ്രയോജനങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| സി) സംസ്ഥാന സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; | (സി) സംസ്ഥാന സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു: |

i. **നിക്ഷേപ സമാഹരണയജ്ഞം**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011, 2012, 2013, 2014 എന്നീ വർഷങ്ങളിൽ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. 36-ാമത് നിക്ഷേപ സമാഹരണ യജ്ഞം 2016 ജനുവരി 1 മുതൽ ഫെബ്രുവരി 15 വരെ നടത്തി വരുന്നു. 6000/- കോടി രൂപയാണ് ടാർജറ്റ്. മറ്റു വർഷങ്ങളിലെ ടാർജറ്റും, നേട്ടവും ചുവടെ ചേർക്കുന്നു:

| വർഷം | ടാർജറ്റ് | കൈവരിച്ച തുക (കോടി രൂപയിൽ) |
|---|---|---|
| 2011 | 3,000 | 4425.09 |
| 2012 | 4,500 | 5194.36 |
| 2013 | 5,000 | 6674.00 |
| 2014 | 6,000 | 6232.22 |
| **ആകെ** | **18,500** | **22,525.67** |

ii) **കാർഷിക ഗ്രാമ വികസ ബാങ്കുകൾ വഴിയുള്ള നിക്ഷേപ സമാഹരണം**

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് നിക്ഷേപ സമാഹരണം നടത്തുന്ന പദ്ധതി ആരംഭിച്ചു. ഇത് സഹകരണ നിക്ഷേപ മേഖലയിലെ ഒരു സുപ്രധാന ചുവ ട്ട വെയ്പായിരുന്നു.

iii) **സഹകരണ നിക്ഷേപ സുരക്ഷാ നിധി/നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ രൂപീകരണം.**

സഹകരണ മേഖലയിലെ നിക്ഷേപ ങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കു ന്നതിനുള്ള കേരള സഹകരണ നിക്ഷേപ സുരക്ഷാ നിധിയും ആയത് നടപ്പിൽ വരുത്തുന്നതിന് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു. ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഗ്യാരന്റി നൽകി വരുന്നു. നിലവിൽ ഈ സ്കീമിൽ 1872 സംഘങ്ങൾ അംഗങ്ങളായിട്ടു ണ്ട്. നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ട് ഇനത്തിൽ 73.23 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

iv) **സഹകരണ ബാങ്കുകളുടെ ആധുനിക വത്ക്കരണം**

സഹകരണ ബാങ്കുകളുടെ കമ്പ്യൂട്ട റൈസേഷൻ എ.റ്റി.എം, ഇന്റർനെറ്റ് ബാങ്കിംഗ്, കോർ ബാങ്കിംഗ് സംവിധാന ങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി കൾ സ്വീകരിച്ചു വരുന്നു.

ഡി) സഹകരണ മേഖലയിലെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(ഡി) സഹകരണ സംഘങ്ങളുടെയും, ബാങ്കുകളു ടെയും വായ്പാ കുടിശ്ശിക അ ടയ്ക്കുന്നതിനും, കുടിശ്ശികക്കാരായ വായ്പക്കാരന് ആശ്വാസം നൽകുന്നതിനുമായി നടപ്പിലാക്കുന്ന 'ആശ്വാസ്' പദ്ധതിയിലൂടെ 2011,2012, 2014,2015 വർഷങ്ങളി ലായി 935.14 കോടി രൂപയുടെ ആനുകൂല്യ ങ്ങൾ വായ്പക്കാർക്ക് നൽ കിയി ട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് മരണപ്പെടുന്നവരുടെയും മാര കരോഗം ബാധിച്ചു കഷ്ടപ്പെടുന്നവരുടെയും വായ്പാ ബാദ്ധ്യത നിബന്ധനകൾക്ക് വിധേയ മായി എഴുതിത്തള്ളുന്ന പദ്ധതിയായ റിസ്ക്ക് ഫണ്ട് പദ്ധതി പ്രകാരം ഒന്നര ലക്ഷം രൂപ വരെ യുള്ള വായ്പാ ബാദ്ധ്യത ഫണ്ടിൽ നിന്നും

........3

അനുവദിക്കുന്നതാണ്. കൂടാതെ, വിവിധ കടാശ്വാസ പദ്ധതികൾ പ്രകാരം കടാശ്വാസ ആനുകൂല്യം നൽകിവരുന്നുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**കടാശ്വാസ പദ്ധതി**

1. **കർഷക കടാശ്വാസ പദ്ധതി**

കേരള കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി ശുപാർശ ചെയ്തിരുന്ന വായ്പകൾക്കായി ഈ സർക്കാരിന്റെ കാലത്ത് 89.39 കോടി രൂപയുടെ കടാശ്വാസ ആനുകൂല്യം സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന കർഷകർക്ക് അനുവദിച്ച നൽകിയിട്ടുണ്ട്.

2. **മത്സ്യതൊഴിലാളി കടാശ്വാസ പദ്ധതി**

മത്സ്യതൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി ശുപാർശ ചെയ്തിരുന്ന വായ്പകൾക്കായി 123.08 കോടി രൂപ ഈ സർക്കാരിന്റെ കാലത്ത് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി ബന്ധപ്പെട്ട വായ്പക്കാർക്ക് കടാശ്വാസമായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനു പുറമേ ടി പദ്ധതിയിൻ കീഴിൽ 4.86 കോടി രൂപ കൂടി ഫിഷറീസ് ഡയറക്ടർ മുഖാന്തിരം സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി സഹകരണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ടി തുക സംഘങ്ങൾക്ക് അനുവദിച്ചു നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്.

3. **പട്ടികജാതി കടാശ്വാസ പദ്ധതി**

ഒന്നരലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടിക ജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2006- ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും, 50,000/-രൂപാ വരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും സർക്കാർ ഉത്തരവാകുകയും, ആയതിലേയ്ക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ അനുവദിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ സംഘങ്ങൾ ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പ

--- 4

........4

കളുമായി ബന്ധപ്പെട്ട് അർഹതയുണ്ടെന്ന് കണ്ടെത്തിയ 2.64 കോടി രൂപ അർഹതപ്പെട്ട സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നല്കി യിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ഉപയോ ഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട ആനുകൂല്യം അനുവ ദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ഒന്നര ലക്ഷം രൂപാവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗ ക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് സർക്കാർ ഉത്തരാവായിട്ടുണ്ട്. ടി ഉത്തരവിന് അനുസൃതമായി പദ്ധതി സഹക രണ സംഘങ്ങളിൽ നടപ്പാക്കുന്നതിന് സഹക രണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## 1. ആശ്വാസ്

സഹകരണ സംഘങ്ങളുടേയും ബാങ്കുകളുടേയും വായ്പാകുടിശ്ശിക കുറയ്ക്കുക, കുടിശ്ശികക്കാരായ വായ്പക്കാർക്ക് ആശ്വാസം നല്കുക എന്നീ ലക്ഷ്യങ്ങളോടെ 2011, 2012, 2014, 2015 വർഷങ്ങളിൽ നടപ്പിലാക്കിയ ആശ്വാസ് പദ്ധതിയിലൂടെ **6082.19** കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുന്നതിനും, **935.14** കോടി രൂപയുടെ ആനുകൂല്യങ്ങൾ വായ്പക്കാർക്ക് നൽകുന്നതിനുംകഴിഞ്ഞു. 2016–ൽ ജനുവരി 1 മുതൽ മാർച്ച് 31 വരെ ടി പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## 2. ഉണർവ്വ്

ദീർഘകാലമായി ഈടാക്കാതെയും, കൊടുത്തു തീർക്കാതെയും സഹകരണ സംഘങ്ങളിൽ നിൽക്കുന്ന തുകകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നിയമാനുസൃത നടപടി മുഖേന നീക്കം ചെയ്യുന്നതിനുള്ള **'ഉണർവ്വ്'** തീവ്രയത്ന പരിപാടി നടപ്പിലാക്കി. ഉണർവ്വ് ക്യാമ്പയിനിലൂടെ സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളിൽ ദീർഘകാലമായി തുടർ നടപടിയില്ലാതെ ഓഡിറ്റ് തടഞ്ഞിരുന്ന 29234.12 ലക്ഷം രൂപ ഓഡിറ്റ്സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്ത് 2512 പ്രൊപ്പോസലുകൾ അംഗീകരിച്ചു നല്കിയിട്ടുണ്ട്.

## 3. മുഖാമുഖം

സഹകരണമേഖലയിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് സഹകാരികളുമായി നേരിട്ട് ആശയവിനിമയം നൽകുന്നതിനായി എല്ലാ ജില്ലകളിലും മുഖാമുഖം പരിപാടി സംഘടിപ്പിക്കുകയും ഈ പരിപാടിയുടെ അന്തസ്സത്ത ഉൾക്കൊണ്ട് സഹകരണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുകയുണ്ടായി.

## 4. വിവിധ കടാശ്വാസപദ്ധതികൾ

ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് ഉത്തേജന പലിശയിളവ് പദ്ധതി, സഹകരണ സംഘങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള പട്ടികജാതി–പട്ടികവിഭാഗ ത്തിപ്പെട്ടവർക്കുള്ള കടാശ്വാസ പദ്ധതി മത്സ്യത്തൊഴിലാളികൾക്കുള്ള പ്രത്യേക കടാശ്വാസ പദ്ധതി എന്നിവ നടപ്പിലാക്കി. പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്കുള്ള കടാശ്വാസ പദ്ധതിപ്രകാരം 31.3.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായ 50,000 രൂപ വരെയുള്ള കടബാദ്ധ്യതയും 31.3.2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും കടശ്വാസം നൽകുന്നതിന് സർക്കാർ അനുവദിച്ച 12 കോടി രൂപ അർഹമായ വായ്പക്കാർക്ക് നൽകുന്നതിന് സഹകരണ രജിസ്ട്രാർ നടപടി സ്വീകരിച്ചുവരുന്നു.

## 5. പൗരാവകാശരേഖയും, സേവനാവകാശ നിയമവും

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു. കൂടാതെ, സേവനാവകാശ നിയമപ്രകാരം, വകുപ്പിൽ നിന്നും നല്കുന്ന സേവനങ്ങൾ, അവ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ ഉൾപ്പെടുത്തി സേവനാവകാശനിയമവും നടപ്പിലാക്കി.

## 6. മിഷൻ 676

സഹകരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, കാർഷികരംഗത്തും, ദുർബല ജനവിഭാഗത്തിന്റെ ക്ഷേമത്തിനും,സംഘങ്ങളുടെ ശാക്തീകരണത്തിനും വിവിധ ക്ഷേമപ്രവർ ത്തനത്തിനും ഉതകുന്ന നിരവധി പ്രവർത്തനങ്ങൾ **മിഷൻ 676** പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

## 7. കേരള ഓ-ഓപ്പറേറ്റീവ്സ്-വിഷൻ 2025

സഹകരണ മേഖലയുടെ സമഗ്രമായ വളർച്ചയും വികസനവും ലക്ഷ്യമാക്കി പുതിയ പ്രവർത്തനപദ്ധതികൾക്ക് രൂപം നല്കുന്നതിലേയ്ക്കായി **'വിഷൻ 2025'** ശില്പശാല 2015 ആഗസ്റ്റ് 22,23,24 തീയതികളിൽ മൂന്നാറിൽ സംഘടിപ്പിച്ചു. ശില്പശാലയിൽ നടന്ന ചർച്ചകളിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ നയമം സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് പ്രമുഖ സഹകാരികളും വിദഗ്ധരും ഉൾപ്പെട്ട ഒരു സമിതിയെ നിയോഗിച്ചു. കൂടാതെ, സഹകരണ മേഖലയുടെ ആധുനികവത്കരണം, ഭാവി തലമുറയ്ക്ക് മാർഗ്ഗദർശനം നൽകുന്നതിന് ഒരു സഹകരണ മ്യൂസിയം സ്ഥാപിക്കുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു.

## 8. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേപ്പിന്റെ കീഴിൽ 8 എൻജിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ.കോളേജും, ഒരു ഫിനിഷിംഗ് കോളേജും, ഒരു ആശുപത്രിയും പ്രവർത്തിക്കുന്നു. തിരുവനന്തപുരത്ത് മുട്ടത്തറയിലും, തൃശൂരിൽ വടക്കാഞ്ചേരിയിലും പുതിയ എൻജിനീയറിംഗ് കോളേജിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ കേച്ചേരിയിൽ ഒരു ഫാർമസി കോളേജും ആരംഭിച്ചിട്ടുണ്ട്

## 9. ആലില, സുവർണ്ണകേരളം പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായി 5 ലക്ഷത്തിലധികം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുവാൻ 'ആലില' പദ്ധതി സഹകരണ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി.കൂടാതെ, നൂതനവും, ആരോഗ്യകരവുമായ കൃഷി രീതികളിലൂടെ പച്ചക്കറി കൃഷി രംഗത്ത് സ്വയംപര്യാപ്തത ലക്ഷ്യമാക്കി **'സുവർണ്ണകേരളം'** പദ്ധതിയും സഹകരണ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വീടുകളിൽ അടുക്കളത്തോട്ട നിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി എന്നിവയിലൂടെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

## 10. അപ്പക്സ് സ്ഥാപനങ്ങൾ രൂപീകരിച്ചു

സഹകരണ മേഖലയുടെ വളർച്ചയ്ക്കും, പുരോഗതിക്കുമായി വിവിധ അപ്പക്സ് സ്ഥാപനങ്ങൾ രൂപീകരിച്ചു. ലേബർ കോൺട്രാക്റ്റ് സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായി ലേബർഫെഡ്, ടൂറിസം സംഘങ്ങൾക്കായി ടൂർഫെഡ് എന്നിവ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടൂറിസം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് സബ്സിഡിക്കു പുറമെ ഓഹരിയും അനുവദിച്ചു.

## 11. നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ്

സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും കേരള സഹകരണ നിക്ഷേപ സുരക്ഷാനിധിയും ആയത് നടപ്പിൽ വരുത്തുന്നതിന് കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട്ബോർഡും രൂപീകരിച്ചു. ഒന്നര ലക്ഷം രൂപാ വരെയുള്ള നിക്ഷേപങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഗ്യാരന്റി നൽകി വരുന്നു.

നിലവിൽ ഈ സ്കീമിൽ 1872 സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട് . നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ട് ഇനത്തിൽ 73,23,49,032 രൂപ സമാഹരിച്ചിട്ടുണ്ട്.

## 12. ഓപ്പറേഷൻ കുബേര

സ്വകാര്യപണമിടപാടുകാരുടെയും അമിതപലിശക്കാരുടെയും ചൂഷണത്തിൽനിന്നും സാധാരണ ജനവിഭാഗത്തെ സംരക്ഷിക്കുന്നതിനായി

സർക്കാർ പ്രഖ്യാപിച്ച 'ഓപ്പറേഷൻ കുബേര' പദ്ധതിവിജയിപ്പിക്കുന്നതിലേക്ക് സഹകരണ വകുപ്പ് പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി. നിലവിലുള്ള വായ്പാ വിതരണ

വ്യവസ്ഥകളും മാനദണ്ഡങ്ങളും കൂടുതൽ ഉദാരമാക്കി.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ വ്യവസ്ഥയിലും കുറഞ്ഞ പലിശ നിരക്കിലും സഹകരണ സ്ഥാപനങ്ങളിലൂടെ വായ്പലഭ്യമാക്കാൻ കഴിഞ്ഞത് സഹകരണ വകുപ്പിന്റെ മാതകാപരമായ പ്രവർത്തനമായി വിലയിരുത്തിയിട്ടുണ്ട്.

## 13. സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം

സഹകരണ വകുപ്പിന്റെ ആസ്ഥാന ആഫീസും തിരുവനന്തപുരത്ത് വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മറ്റ് അനുബന്ധ ആഫീസുകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി തൈക്കാട് വില്ലേജിൽ ജഗതി കല്പന കോമ്പൗണ്ടിൽ 65 സെന്റ് സ്ഥലത്ത് ആരംഭിച്ച സഹകരണ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

### 14. എന്റെ സംഘം

എന്റെ സംഘം ക്യാംപയിൻ . 2014 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയാണ് നടപ്പാക്കിയത്.ഓരോ വ്യക്തിക്കും താൻ അംഗമായ സംഘത്തോടുള്ള ആത്മ ബന്ധം ശക്തി പെടുത്തുന്നതോടൊപ്പം സംഘത്തിന്റെ പ്രവർത്തന തലങ്ങളിലും ആവശ്യമായ കാര്യക്ഷമത ഉറപ്പാക്കുന്നതിനും ഈ ക്യാംപയനിലൂടെ ഉദ്ദേശിച്ചിരുന്നു. സംഘത്തിന്റെ അടിസ്ഥാനരേഖകൾ രജിസ്റ്ററുകൾ എന്നിവ കാലാനുസൃതമായ വിവരങ്ങൾ ഉൾകൊള്ളിച്ചു സൂക്ഷിക്കുന്നതിനും വായ്പ,നിക്ഷേപപ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും ,കുടിശ്ശിക നിവാരണ സംവിധാനം ക്രമീകരിക്കുന്നതിനും , ലൈബ്രറികളുടെ പ്രവർത്തനം സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനം ഇവ ശക്തിപ്പെടുത്തുന്നതിനും, കമ്പ്യൂട്ടർ വത്ക്കരണം ത്വരിതപെടുത്തുന്നതിനും സാദ്ധ്യമായ മറ്റ് വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും ലക്ഷ്യമിട്ടിരുന്നു.സഹകരണ മേഖലയും ജനങ്ങളും തമ്മിൽ വർദ്ധിച്ച ആത്മബന്ധം ശക്തിപ്പെടുത്തുന്നതിലൂടെ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപ്പാക്കിയ പദ്ധതി സഹകരണത്തിന്റെ ആത്മാവിനെ തൊട്ടറിയുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമായിരുന്നു.പദ്ധതി വൻവിജയമായിരുന്നു.

### 15. സംസ്ഥാന സഹകരണകാർഷികഗ്രാമവികസനബാങ്ക്.

കേരള സംസ്ഥാനസഹകരണ കാർഷികഗ്രാമവികസനബാങ്ക് പ്രാഥമിക ഗ്രാമവികസനബാങ്കുകൾ മുഖേന നിക്ഷേപ സമാഹരണം നടത്തുന്ന പദ്ധതിക്ക് നാന്ദി കുറിക്കാൻ കഴിഞ്ഞത് സഹകരണനിക്ഷേപ മേഖലയിലെ മറ്റൊരു സുപ്രധാന ചുവടുവയ്പായിരുന്നു.പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുന്നതിലൂടെ പുന:ധനസഹായം ഏജൻസികളിലും മറ്റ് വായ്പ സ്രോതസ്സുകളിലുമുള്ള അമിതമായ ആശ്രയത്വം കുറയ്ക്കുന്നതിനും അംഗങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിനും സ്വന്തമായ വിഭവ സമാഹരണത്തിലൂടെ പ്രാദേശികമായി കൂടുതൽ വായ്പാതുക ലഭ്യമാക്കാനും കൂടുതൽ കർഷകരെ സാമ്പത്തിക സഹായത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും കഴിയുന്നു

### 16. ഉത്തേജന പലിശയിളവ് പദ്ധതി

ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 'ഉത്തേജന പലിശയിളവ് പദ്ധതി' യിൽ പലിശ ലഭിക്കുന്നു.സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്കാണ് ആനുകൂല്യത്തിന് അർഹത .2012—ൽ ഈ പദ്ധതിയിലൂടെ 3 കോടി 63 ലക്ഷം രൂപയും 2014–2015 ൽ 1 കോടി രൂപയും 2015–2016 –ൽ 1 കോടി രൂപയും കർഷകർക്ക് പലിശയിളവ് നല്കിയിട്ടുണ്ട്..

### 17. മാനവവിഭവശേഷി വികസനത്തിനു മുൻതൂക്കം

സഹകരണ മേഖലയിലെ മാനവവിഭവ വികസനം ലക്ഷ്യമാക്കി നിരവധി പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിഞ്ഞു. ഉദ്യോഗസ്ഥതലത്തിൽ 2011–2015 ൽ 205 മാനേജ്മെന്റുകൾ സംഘടിപ്പിച്ചു. ആകെ 30623പേർ പരിശീലനത്തിൽ പങ്കെടുത്തു.

## 18. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക്

പൊതു വിപണിയിലെ സമയോചിതമായ ഇടപെടൽ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് വളരെയധികം സഹായിച്ചിട്ടുണ്ട്. കൺസ്യൂമർ ഫെഡ് മുഖേന നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനു ള്ള പ്രവർത്തനങ്ങൾ സഹകരണ പ്രസ്ഥാനത്തെ കൂടുതൽ ജനപ്രിയമാക്കി.

പൊതുവിപണിയിൽ കൺസ്യൂമർ ഫെഡ് 2 വ്യത്യസ്ത സരണിയാണ് പ്രവർത്തന ത്തിന് അവലംബിച്ചിട്ടുള്ളത്. സ്ഥിരം സംവിധാനവും, ഉത്സവകാല ചന്തകളും. സ്ഥിരസംവിധാനത്തിന്റെ ഭാഗമായി ആരംഭിച്ച നന്മ സ്റ്റോറുകൾ 10 തരം അവശ്യ നിത്യപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയെക്കാൾ 20 ശതമാനം കുറച്ച് വിതരണം ചെയ്തുവരുന്നു.പ്രാഥമിക സഹകരണ സംഘങ്ങളും കൺസ്യൂ മർ ഫെഡും നടത്തുന്ന 1168 നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നു. കൂടാതെ ത്രിവേണി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും സഞ്ചരിക്കുന്ന ത്രിവേ ണികളും കൂടാതെ ഒഴുകുന്ന ത്രിവേണികളും ത്രിവേണി കോഫി ഹൗസുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.ഉത്സവകാല വിപണനകേന്ദ്രങ്ങൾ നടത്തുകവഴി ഉപഭോക്തൃമേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ ഇതിനകം 254.50 കോടി രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട്. ഇതിനു പുറമെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി ധനസഹായവും നല്കിയിട്ടുണ്ട്.

## 19. പൗരവാകാശരേഖ

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സഹകരണ വകുപ്പിൽ പ്രഖ്യാപിച്ച നൂറുദിന കർമപരിപാടികൾ വിജയകരമായി പൂർത്തികരിച്ചു കൊണ്ടുള്ള തുടക്കം അഭിമാനിക്കത്തക്കതാണ്.പ്രസ്തുത പ്രവർത്തനങ്ങളിൽ ഏറ്റവും ചാരിതാർത്ഥ്യം നൽകിയത് പൗരവാകാശരേഖയുടെ പ്രകാശനം ആയിരുന്നു

## 20. സേവനാവകാശ നിയമം നടപ്പിലാക്കി

സേവനാവകാശ നിയമപ്രകാരം നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് വിജ്ഞാ പനം പുറപ്പെടുവിച്ചു.വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി തുടങ്ങിയവ പ്രസ്തുത വിജ്ഞാപനത്തിൽ നിർണ്ണയിച്ചിട്ടുണ്ട്.

## 21. പ്രസാധനരംഗത്ത് നേട്ടം

പ്രസീദ്ധീകരണ രംഗത്തെ നിത്യവിസ്മയമായ സാഹിത്യ പ്രവർത്തക സഹകരണ സംഘം കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ 1400 ലധികം പുസ്തകങ്ങൾ പ്രസിദ്ധീ കരിച്ചു.

## 22. സഹകരണ മേഖലയിലെ ആധുനീകരണം

സംസ്ഥാനസഹകരണ ബാങ്ക്, ജില്ലാസഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക വായ്പാ സംഘങ്ങൾ തുടങ്ങി സഹ കരണ മേഖലയിലെ വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ആധുനിക വത്ക്കരണത്തിന് 2012-2013 ൽ തുടക്കം കുറിച്ചു. കമ്പ്യൂട്ടർവത്ക്കര

ണം, കോർബാങ്കിംഗ് സംവിധാനം, എ.റ്റി.എം സൗകര്യം എന്നിവയ്ക്ക് പുറമെ നിലവിലുള്ള സാങ്കേതിക സംവിധാനം മെച്ചപ്പെടുത്തുന്നതിനും, ആധുനിക സാങ്കേതിക സംവിധാനം പ്രയോജനപ്പെടുത്താനുമാണ് പ്രധാനമായും ആധുനിക രണത്തിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

**23.സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും കരുതൽ**

സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഭാരവാഹികൾ, ജീവന ക്കാർ, കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നിക്ഷേപ പിരിവുകാർ, അശര ണരായ സഹകാരികൾ,അംഗവൈകല്യം /മാനസികവൈകല്യം ബാധിച്ച കുട്ടികൾ ഉള്ള സഹകരണ സംഘം ജീവനക്കാർ ഇവർക്ക് വിവിധ കാലയളവുകളിലായി ധനസഹായ പദ്ധതികൾ, വേതന വർദ്ധനവ്, ജോലി സംരക്ഷണം നടപ്പാക്കി ക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

സഹകരണ സംഘം ജീവനക്കാർ, പെൻഷൻകാർ നിത്യനിധി പിരിവുകാർ, അപ്രൈസർമാർ, അശരണരായ സഹകാരികൾ, സഹകരണ സംഘം ഭാരവാഹി കൾ തുടങ്ങി സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ശമ്പളം,പെൻഷൻ, കമ്മീഷൻ ,ഓണറേറിയം, ബത്ത തുടങ്ങിയവ കാലോചിത മായി പരിഷ്കരിച്ചു.

സംസ്ഥാനത്തെ സഹകരണ ജീവനക്കാരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കേരളസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് ഈ സർക്കാർ അധികാരം എറ്റതിനുശേഷം 25.33 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകി.

**24. വിവിധ വിഷയങ്ങളിൽ പഠനസമിതികൾ**

സഹകരണ മേഖലയിൽ ത്രിതല വായ്പ സംവിധാനം, ഘടന , വിപണന സംഘ ങ്ങൾ, റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹ കരണ സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിവിധ പഠനസമിതികൾക്ക് രൂപം നൽകുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. കൂടാതെ സഹകരണ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ആരോഗ്യസ്ഥാപനങ്ങ ളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനും സഹകരണ മേഖലയിലെ നിക്ഷേപപിരിവുകാർ, ഗോൾഡ് അപ്രൈസർമാർ എന്നിവരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും രണ്ട് പ്രത്യേക പഠന സമി തികളും രൂപീകരിക്കുകയും റിപ്പോർട്ട് ലഭ്യമാക്കാത്തതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

**25.** ആറ് ജില്ലാ സഹകരണ ബാങ്കുകൾക്കും സംസ്ഥാന സഹകരണ ബാങ്കിനും മൂലധന പര്യാപ്തത കൈവരിക്കുന്നതിന് 199 കോടി രൂപയും സംസ്ഥാന സഹക രണ ബാങ്കിന് പ്രത്യേക ഓഹരി മൂലധന സഹായമായി 136 കോടി രൂപയും ഈ സർക്കാർ അനുവദിക്കുകയുണ്ടായി.

26.സഹകരണ നിയമവും ചട്ടങ്ങളും സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള വിദഗ്ദ്ധ സമിതി നിലവിലെ സഹകരണ നിയമവും ചട്ടങ്ങളും സമഗ്രമായി പരി ഷ്ക്കരിക്കുന്നതിനായി ശ്രീ.ശിവദാസൻ നായർ എ.എൽ.എ ചെയർമാനായി 19 അംഗ കമ്മിറ്റിയെ സർക്കാർ നിയമിക്കുകയും കമ്മിറ്റിയുടെ പ്രവർത്തനം നടന്നു വരികയും ചെയ്യുന്നു

**27. സഹകരണ മെമ്പർ റിലീഫ് ഫണ്ട്**

സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് സഹകരണ മെമ്പർ റിലീഫ് ഫണ്ട് പദ്ധതിക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളിലെയും അർഹരായ അംഗങ്ങൾക്ക് ആശ്വാസ ധനസഹായ വിതരണം ചെയ്യുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിലേക്കുളള ഫണ്ട് സ്വരൂപിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**